**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1588** **03-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കിനാലൂരിൽ എയിംസ് സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കിനാലൂരിൽ എയിംസ് സ്ഥാപിക്കുന്നതിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | എംയിസ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പദ്ധതിയുടെ പ്രാഥമിക വിജ്ഞാപനം 19-06-2023ലെ 2063-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും, 14.07.2025 ലെ 2593-ാം നമ്പർ ഗസറ്റ് പ്രകാരം ആയതിന്റെ കാലാവധി ദീർഘിപ്പിച്ച് നല്കിയിട്ടുള്ളതുമാണ്. നിലവിൽ അടിസ്ഥാന വില നിർണയ റിപ്പോർട്ട് തയ്യാറാക്കുന്നത് അന്തിമ ഘട്ടത്തിലാണ്. കുഴിക്കൂർ ചമയങ്ങളുടെ വില നിർണ്ണയത്തിന് ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട കാര്യാലയങ്ങളിലേക്ക് നൽകിയിട്ടുള്ളതും, സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | സർക്കാർ ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ട പരിഹാരം നൽകുന്ന നടപടികൾ വേഗത്തിലാക്കാമോ? | (ബി) | അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കപ്പെടുകയും, കുഴിക്കൂർ ചമയങ്ങളുടെ വില നിർണ്ണയം നടത്തി റിപ്പോർട്ട് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് വിശദ വിലവിവര പട്ടിക തയ്യാറാക്കുന്നതാണ്. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ എൽ.എ. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം നടത്തി അവാർഡ് തയ്യാറാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നഷ്ട പരിഹാരം വിതരണം ചെയ്ത് അർത്ഥനാധികാരിക്ക് ഭൂമി കൈമാറാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ